
ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ആത്മീയ ജീവിതം – സത്യവും മിഥ്യയും"
(തിരുവചന ചിന്തകൾ)

NOV
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  "ആത്മീയ ജീവിതം - സത്യവും മിഥ്യയും " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 14

ആത്മീയ ജീവിതം സത്യവും മിഥ്യയും

(തിരുവചന ചിന്തകൾ)

ഈ ഭൂമിയിൽ വസിക്കുന്ന നാം മറ്റെന്തിനെങ്കിലുമായി കാത്തിരിക്കുന്നുണ്ടോ ?
എന്തെലാം പ്രതീക്ഷകളാണ് നമ്മുടെമുൻപിൽ ഇപ്പോൾ ഉള്ളത്? എന്തിലൊക്കെയാണ്
നാം വ്യാപൃതരായിരിക്കുന്നത് ?

വയലിൽ പണിയെടുക്കുന്ന കർഷകർ തങ്ങളുടെ കാർഷിക വിളകളുടെ ഭാവിയിൽ ആകുലരാണ്. പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പഠനത്തിന്റെ ചൂടിലും അതിലൂടെ ലഭിക്കുവാൻ സാദ്ധ്യതയുള്ള ജോലിയുടെയും അതിനിടയിലുള്ള മത്സരങ്ങളുടെയും ഇടയിലാണ്. ജോലിക്കാരാകട്ടെ, നാളെകളിലുള്ള ജോലിഭാരത്തിന്റെയും ജോലിയുടെ നിലനില്പിന്റെയും ചിന്തയിലാണ്. കുടുംബ നാഥന്മാരും നാഥകളും നാളെയുടെ വരവുചിലവുകളുടെ ആകുലതകളിലാണ്. വാർദ്ധക്യത്തിൽ ആയിരിക്കുന്നവർ രോഗത്തെയും പരിചരണത്തെയുംകുറിച്ചുള്ള ചിന്താകുലങ്ങളിൽ ആയിരിക്കുന്നു. ജീവിതത്തെ ആസ്വദിക്കുന്ന ഒരു കൂട്ടം ചെറുപ്പക്കാരും മറ്റു മധ്യവയസ്കരും അവരവരുടേതായ ലോകം കെട്ടിപ്പടുക്കുവാനും അവരുടേതായ സന്തോഷങ്ങളെയും നിലനിറുത്തുവാനും ഇതുവരെ കീഴടക്കാത്ത ഇടങ്ങളെ തേടിപ്പിടിച്ചു ആസ്വദിക്കുവാനുമായി പരതിനടക്കുന്നു. ഇതരർ എന്തിന്റെയൊക്കെയോ പിന്നാലെ ഓടുന്നു. ഇതിനിടയിൽ, ദൈവത്തോടുള്ള സ്നേഹത്താൽ ദൈവവേലചെയ്യുന്നവർ ദൈവരാജ്യത്തിൽ അദ്ധ്വാനിക്കുകയും ദൈവവചനത്തിനായി നിലകൊള്ളുകയും ചെയ്യുന്നു.

ഇതിൽ ആർക്കൊക്കെ ഒരു ആത്മീയ ജീവിതം സാദ്ധ്യമാകുന്നുണ്ട് ?

പുതിയനിയമം മുഴുവൻ പറയുന്നത് നമ്മിലെ ആത്മ മനുഷ്യനെക്കുറിച്ചാണ്. എല്ലാ ലേഖനങ്ങളും ക്രിസ്തീയ ജീവിതത്തെക്കുറിച്ചുതന്നെയാണ്. എന്നാൽ അതിലുപരിയായി, ആത്മീയ യാത്രയുടെ യഥാർത്ഥ വിലയെക്കുറിച്ചാണ് ഓരോ ലേഖകരും വിസ്തരിച്ചിരിക്കുന്നതു്.

സുവിശേഷങ്ങൾ യേശു ആരാണെന്നു വെളിപ്പെടുത്തുമ്പോൾ, അതേ സുവിശേഷത്തിലൂടെ നമ്മിലെ ആത്മമനുഷ്യനു യേശു ആരാണെന്നു പരിശുദ്ധാത്മാവ് പ്രകാശിപ്പിച്ചുതരികയും ലേഖനങ്ങളിൽക്കൂടി അവയെ ഉറപ്പിക്കുകയും ചെയ്യുന്നു.

യോഹന്നാൻ *17: 18 -24.*
18 നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കു അയച്ചിരിക്കുന്നു
19 അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു ഞാൻ അവർക്കു വേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു
20 ഇവർക്കു വേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു
21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ.
22 നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു;
23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ.
24 പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിച്ചരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു

കർത്താവായ യേശുക്രിസ്തുവിനോടു പ്രാർത്ഥിക്കുന്നവർ എല്ലാവരും ആത്മീയരാണോ ? ആത്മീയരെന്നു കരുതുന്നവർ സകലത്തിലും തികഞ്ഞവരാണോ ?

രണ്ടിന്റെയും ഉത്തരം 'അല്ല' എന്നുതന്നെ. താഴെയുള്ള വേദഭാഗങ്ങളിൽ ഇവയുടെ പരിമിതികൾ സ്പഷ്ടമാണ്.

ഫിലിപ്പിയർ *1 : 15*
15 ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു; ചിലരോ നല്ല മനസ്സോടെ തന്നേ.
16 അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിന്നായിട്ടു ഞാൻ ഇവിടെ കിടക്കുന്നു എന്നു അറിഞ്ഞിട്ടു അതു സ്നേഹത്താൽ ചെയ്യുന്നു

ഫിലിപ്പിയർ *3 : 13 - 16*
13 സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല.
14 ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു
15 നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ തന്നേ ചിന്തിച്ചുകൊൾക; വല്ലതിലും നിങ്ങൾ വേറെവിധമായി ചിന്തിച്ചാൽ ദൈവം അതും നിങ്ങൾക്കു വെളിപ്പെടുത്തിത്തരും.
16 എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നേ അനുസരിച്ചു നടക്കുക

കാരണം, യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ആധാരം, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലാണ്.

എഫെസ്യർ *3 : 16 - 19*
16 അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്നു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും
17 ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി

18 വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല
വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും
19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും
പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും
വേണം എന്നും പ്രാർത്ഥിക്കുന്നു

നമ്മെ രക്ഷിക്കുവാനായി പിതാവാം ദൈവം നമ്മിലേക്ക് (കേവലം ഭൂമിയിലേക്കു അയച്ചു എന്നതിനപ്പുറം) ഓരോ വ്യക്തികളുടെയും ഉള്ളിലേക്കാണ് യേശു എന്ന ഏകപുത്രനെ പിതാവാം ദൈവം അയച്ചത്. സ്വന്ത പുത്രനെ നമ്മിലേക്ക് അയച്ചുകൊണ്ടു നമ്മെ പുത്രന്മാരും പുത്രിമാരും ആക്കുന്നതോടൊപ്പം ആ പുത്രത്വത്തിന്റെ വിലയും ശ്രേഷ്ടതയും തന്റെ സ്വന്ത ആത്മാവായ പരിശുദ്ധാത്മാവിനെ നമ്മുടെ ആത്മമനുഷ്യന്റെ വീണ്ടെടുപ്പുവരേയും നൽകികൊണ്ട് നമ്മിൽ നിലനിറുത്തുവാനും ദൈവം പദ്ധതിയിടുന്നു

എഫെസ്യർ *1: 13-14*
13 അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം
എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും
ചെയ്തിട്ടു
14 തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ
പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ
വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു

പാപത്തിൽ വസിച്ചവരായിരുന്ന നമ്മെ ഓരോരുത്തരെയും പാപത്തിൽനിന്നും ജീവനിലേക്കു വീണ്ടെടുക്കുവാൻ പാപമില്ലാത്ത ഒരുവൻ ആവശ്യമായിരുന്നു അവിടെയാണ് പാപംചെയ്യാത്ത സ്വന്ത പുത്രനെ പിതാവാം ദൈവം നമുക്കായി നൽകിയത്. ഈ രക്ഷയുടെ ഉറപ്പു നമ്മിൽ നിലനിറുത്തുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അതിനാൽ, ദൈവാത്മാവായ പരിശുദ്ധാത്മാവിനെ നമ്മിൽ നിത്യം വാസം ചെയ്യുവാൻ അനുവദിച്ചും ദൈവത്തോട് സംവദിച്ചും (നമ്മുടെ ആത്മാവിനെ ദൈവാത്മാവിനോടു ചേർത്തുനിറുത്തിക്കൊണ്ടു) ദൈവത്തോട് സംഭാഷിച്ചും അതേ ആത്മാവിനാൽ നിറഞ്ഞവരായും ഉപദേശിക്കപ്പെട്ടും ശക്തീകരിക്കപ്പെട്ടും അനുദിനം ആത്മാവിൽ വളർന്നും നാം ക്രിസ്തുവെന്ന തലയോളം വളരുവാൻ ദൈവം ആഗ്രഹിക്കുന്നു

ഈ സ്വർഗ്ഗീയ പദ്ധതികളുടെ അടിസ്ഥാനമായ അറിവ് നമ്മുടെ ആത്മീയ ജീവിതത്തിനാവശ്യമാണ്.

എഫെസ്യർ *2:19-22*
19 ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൌരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ.
20 ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു
21 അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു
22 അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു

സാധാരണ മാനുഷികചിന്തയിൽനിന്നും അസാധാരണമായദൈവീക ഇഷ്ടത്തിലേക്കുള്ളയാത്രയാണ് ആത്മീയജീവിതം. ഇവിടെ, അനുഭവങ്ങൾക്ക് ശബ്ദവുംകാഴ്ചകൾക്ക് ജീവനുംഉണ്ട്.

നമ്മുടെ സാധാരണ ജീവിതത്തെ ആത്മീയ ജീവിതമാക്കിത്തീർക്കുവാൻ മാനുഷികമായ പ്രവൃത്തികൾ ആവശ്യമല്ല എന്നിരിക്കിലും നമ്മിൽ വാസംചെയ്യുന്ന ദൈവാത്മാവിനോടുള്ള നമ്മുടെ 'കീഴ്പ്പെടൽ' അത്യന്താപേക്ഷിതമാണ്. സ്വമനസ്സോടെയുള്ള ഈ കീഴ്പ്പെടൽ നമ്മെ ദൈവത്തിന്റെ ഹിതം എന്ന 'ദൈവീകഭാഷ' ഗ്രഹിക്കുവാൻ നമ്മെ പ്രാപ്തരാക്കിത്തീർക്കുന്നു.

ദൈവീകഭാഷ എന്നത് നാവുകൊണ്ട് ഉരുവിടുന്നതായ ഒരു ഭാഷയല്ല പ്രത്യുത, ഒരു ആത്മീയമായ തിരിച്ചറിവാണ് അത് (Spiritual understanding). ആദമിക സ്വഭാവത്താൽ ജീവിച്ചുവന്ന (രൂപപ്പെട്ട)നമ്മുടെ ജീവിതചര്യകളെയും ജീവിതക്രമങ്ങളേയും ചിന്താരീതിയെയും ആഗ്രഹങ്ങളെയും ഇഷ്ടാനിഷ്ടങ്ങളേയും ദൈവത്തിനുപ്രസാദകരമായ ക്രിസ്തുഭാവത്തിലേക്കു ദൈവാത്മാവിനാൽ തിരിക്കുകയും(രൂപാന്തരപ്പെടുത്തുകയും), അവിടെനിന്നും ദൈവീക ജീവനിലേക്കു നടത്തപ്പെടുവാൻ നമ്മെ സഹായിക്കുകയുംചെയ്യുന്ന ദൈവീക പദ്ധതികളുടെ തിരിച്ചറിവുകളാണവ.

അപ്പോൾ സാധാരണമായ നമ്മുടെ ജീവിതത്തെ അസാധാരണമായ ദൈവീക ജീവന്റെ പ്രകാശത്തിൽ നടത്തുക എന്നത് ദൈവം നമ്മിൽ ചെയ്യേണ്ടുന്ന ഒരു പ്രവർത്തിയാണ്. ഈ ദൈവീക പ്രകാശത്തിൽ ഒരു വ്യക്തി നടന്നു തുടങ്ങുമ്പോൾ, പരിശുദ്ധാത്മാവിന്റെ ഒരു ചെറിയ സ്പന്ദനം പോലും തിരിച്ചറിയുവാൻ കഴിയുംവിധം ആ വ്യക്തി ആത്മാവിൽ സജ്ജീകരിക്കപ്പെടുന്നു.

ഫിലിപ്പിയർ *2:14-15*
14 വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും
പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു
എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ.
15 അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു
ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു

ഇപ്രകാരം പരിശുദ്ധാത്മാവിന്റെ നിയോഗങ്ങളെയും ദൈവീക ഹിതങ്ങളെയും തിരിച്ചറിഞ്ഞും അവയോടു അനുസരണയോടെ പ്രതികരിച്ചും പരിശുദ്ധാത്മാവിന്റെ ഉപദേശത്താലും വചനത്തിന്റെ മാർഗത്തിലും ക്രിസ്തുവിന്റെ ജീവനിലും ഒരു വ്യക്തി പൂർണ്ണസമർപ്പണത്തോടെ ജീവിക്കുന്നതാണ് ആത്മീയ ജീവിതം. ഈ ആത്മീയ ജീവിതം ഒരു നിമിഷത്തിൽ നേടുവാനോ ഒരു ദിവസത്തോടുകൂടി പൂർത്തീകരിക്കുവാനോ കഴിയുന്നതല്ല. സത്യത്തിൽ ഇതൊരു വാതിലാണ്, യേശുക്രിസ്തു ഉള്ളിൽവന്ന വ്യക്തിയുടെ അകത്തെ ആന്തരിക മുറികളിൽ ദൈവാത്മാവ് വസിച്ചുകൊണ്ടു സ്വർഗീയപ്രവേശനത്തിനായി നമ്മുടെ ഹൃദയത്തിന്റെയും ആത്മാവിന്റെയും ഉള്ളറകളെ തുറന്നുകൊണ്ടു ഉയരത്തിൽമാത്രം (സ്വർഗീയ ഉന്നതികളെ) ശ്രദ്ധവച്ചു നടത്തപ്പെടുന്ന യാത്രയാണ് അത്.

2 കൊരിന്ത്യർ *5:20*
20 ആകയാൽ ഞങ്ങൾ ക്രിസ്തുവിന്നു വേണ്ടി സ്ഥാനാപതികളായി
ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിന്നു പകരം
അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം
പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു

ഈ യാത്രയുടെ സന്തോഷം ക്രിസ്തുവാണ്. കാരണം, ദൈവത്തിന്റെ സ്ഥാനാതിപതികളായിട്ടാണ് നാം ഈ ഒരു ആത്മീകലോകത്തിലേക്കു കാലെടുത്തു വയ്ക്കേണ്ടുന്നത്. ഇവിടെ നാം സ്വർഗ്ഗത്തിലുള്ളതു അന്വേഷിച്ചുകൊണ്ടു ജീവിക്കുന്നു എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ഭൗമീകമായ ജയപരാജയങ്ങളുടെ ഇടയിൽപ്പെട്ടു ഞെരുങ്ങിപ്പോകുന്നവരായിട്ടല്ല, പ്രത്യുത അർത്ഥപൂർണ്ണമായ ഒരു ക്രിസ്തീയ ജീവിതം നമുക്കുണ്ടാകേണം എന്നുതന്നെയാണ്. ഈ ഭൂമിയിലുള്ള ഒന്നും നമ്മിൽ വിഗ്രഹങ്ങളാകാതിരിക്കേണ്ടതിനും ഒപ്പം ഈ ഭൂമിയിൽ ദൈവം അനുവദിച്ചുതന്നിരിക്കുന്ന വിലയേറിയ സമയം ദൈവീക ജ്ഞാനത്തോടും ദൈവത്തിന്റെ അരുളപ്പാടുകളാലും തിരിച്ചറിഞ്ഞു ഈ ഭൂമിയിലെ മനുഷ്യർക്കും അതേ മനുഷ്യരുടെ സ്വർഗ്ഗീയ പ്രവേശനത്തെപ്രതി പ്രത്യാശവച്ചും നാം വിനിയോഗിക്കേണ്ടതാകുന്നു.

എഫെസ്യർ *3 : 12 - 13*
12 അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ടു
13 അതുകൊണ്ടു ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്വമാകയാൽ അവനിമിത്തം അധൈര്യപ്പെട്ടുപോകരുതു എന്നു ഞാൻ അപേക്ഷിക്കുന്നു

ഒരുദാഹരണമായിപറഞ്ഞാൽ, നന്മ ചെയ്യുകയിൽ നാം മടുത്തുപോകരുതു (Galatians 6:9) എന്ന വചനം വായിക്കുമ്പോൾ, ദൈവം നമ്മിലൂടെ ചെയ്യുവാൻ ആഗ്രഹിക്കുന്ന നന്മകൾ ആർക്കെന്നു നോക്കാതെ നാം ചെയ്യുവാൻ മനസ്സൊരുക്കമുള്ളവരായിത്തീരേണ്ടുന്നതാകുന്നു. ഒരുപക്ഷെ, നാം അങ്ങനെയൊരു നന്മ ചെയ്യുവാൻ ഒരുക്കമല്ലായിരിക്കും, ചിലപ്പോൾ അങ്ങനെയൊരു നന്മ ചെയ്യുന്നതിൽ നാം ബുദ്ധിയാൽ പൊരുത്തക്കേടുകളും കണ്ടെത്തിയേക്കാം. എന്നാൽ ദൈവം പറഞ്ഞാൽ അത് ചെയ്യുവാനായി നാം തയ്യാറെടുക്കുകയും അത് കർത്താവിന്റെ നാമത്തിൽ സമർപ്പണത്തോടെ ചെയ്യുകയും ചെയ്യുക. ഇത്തരുണത്തിൽ ബുദ്ധിയുടെ വൈഭവങ്ങളെ പൂർണ്ണമായും അവഗണിക്കുകയും വിശ്വാസത്തിൽ ദൈവത്തിൽ മാത്രം ചാരുകയും ചെയ്യുക. ആത്മീയ ജീവിതത്തിലെ ഒരു പ്രവൃത്തി അവിടെ ദൈവത്താൽ സംഭവിക്കുകയായി!

ഫിലിപ്പിയർ *2 : 13*
13 ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു

നമ്മുടെ ബുദ്ധിയിൽ എപ്പോഴും തെളിഞ്ഞുവരുന്ന ഒരു ചിന്തയുണ്ട്. അത് നമ്മുടെ നിലനിൽപ്പിന്റെ അവസ്ഥ അഥവാ നിലനിൽപ്പിനായുള്ള ആവശ്യകതകളാണ്. ഇവയെ അവഗണിക്കുവാൻ നമ്മുടെ സ്വയബുദ്ധി ഒരുനാളും സമ്മതിക്കുകയില്ല. ഇവിടെ ദൈവകൃപയെ പിടിച്ചുവെങ്കിൽ മാത്രമേ നമുക്ക് ആത്മാവിന്റെ കണ്ണുകളിൽ കാഴ്ചകൾ കണ്ടുകൊണ്ട് ദൈവാത്മാവിൽ കാര്യങ്ങളെ ചെയ്യുവാൻ കഴിയൂ. ബുദ്ധിയെന്ന കഥാപാത്രം ആത്മീയ ജീവിതത്തിൽ ഒരിക്കലുമൊരു വില്ലനല്ല./ എന്നാൽ അല്പമൊക്കെ വില്ലത്തരങ്ങൾ എടുക്കുവാൻ മടിയില്ലാത്തവനാണ് നമ്മുടെ ബുദ്ധി. നമ്മുടെ ബുദ്ധിക്കുള്ളിലെ വിവേകമാണ് ഏറ്റവും വലിയ തന്ത്രശാലി. ദൈവം നമ്മോടു ആത്മാവിൽ സംസാരിക്കുന്ന സകലത്തെയും തന്റെ 'കൈകളിലൂടെ' കയറിയിറങ്ങിപ്പോകണമെന്നു വാശിപിടിക്കുന്ന ഇദ്ദേഹത്തെ ജയിക്കുവാൻ ദൈവീക ഞാനമെന്ന ആയുധം നമ്മിൽ കൂടിയേ തീരൂ. ദൈവീക ജ്ഞാനത്തിൻകീഴിൽ നമ്മുടെ വിവേകത്തെ പാർപ്പിക്കുക. ആത്മീയ യാത്രയിൽ ഈ ദൈവീകജ്ഞാനത്താൽ വിവേകം കീഴ്പ്പെടുകയും നാളുകൾ കഴിയുമ്പോൾ ഇതേ വിവേകം ദൈവീക ജ്ഞാനത്തെ ഉൾക്കൊള്ളുവാൻ പര്യാപ്തമായിത്തീരുകയും ചെയ്യും.

ഈ ഭൂമിയിൽ ഈ നിമിഷം ജീവനോടെ ഈ വാക്കുകളെ വായിക്കുന്ന നമ്മുടെയുള്ളിൽ ഇപ്പോഴും ശ്വാസമുണ്ട്. അനേകം പ്രതീക്ഷകളും ആഗ്രഹങ്ങളും ആശകളും നമുക്കുണ്ട്. ചിലതെല്ലാം വിവരണാതീതമാണ്, ചിലതെല്ലാം പ്രതീക്ഷകളുടെ ചില്ലകളിൽ നാളുകളായി ചേക്കേറിയിരിക്കുന്നവയാണ്, മറ്റുചിലതെല്ലാം കഴിഞ്ഞകാലങ്ങളിൽ നഷ്ടപ്പെട്ടവയുടെ വീണ്ടെടുക്കലുകളാണ്. ഇങ്ങനെയൊക്കെയാണെങ്കിലും, ഒരു ആത്മീയ ജീവിതത്തിനു ഇന്നും നമ്മിൽ ഇടമില്ലേ? സാധാരണക്കാരുടെയിടയിൽ അസാധാരണമായ അഭിഷേകത്തെ വഹിക്കുന്നവരായി മാറുവാൻ ഒരുനിമിഷമെങ്കിലും നിങ്ങൾ ആഗ്രഹിച്ചിട്ടില്ലേ ?
സമയം ഇനിയും വൈകിയിട്ടില്ല.

ദൈവത്തിന്റെ അഭിഷേകത്തെ വഹിക്കുന്നവരെല്ലാം പ്രസിദ്ധരാകണമെന്നില്ല! പ്രസിദ്ധി എന്നത് മാനുഷികമായ ഒരു അളവുകോൽ മാത്രം. ഉത്തരവാദിത്വങ്ങളുടെയും പലവിധമായ സാഹചര്യങ്ങളുടെയും ഇടയിൽ ഞെരുങ്ങിനില്കുമ്പോഴും അഭിഷേകത്തോടെ ആയിരിക്കുവാനും അതേ പരിശുദ്ധാത്മശക്തിയാൽ ആത്മീയ ജീവിതത്തിൽ കരുത്തരാകുവാനും നിങ്ങൾക്കുകഴിയും.

യെശയ്യാ *43:18-19*
18 മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ടാ; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ടാ.
19 ഇതാ, ഞാൻ പുതിയതൊന്നു ചെയ്യുന്നു; അതു ഇപ്പോൾ ഉത്ഭവിക്കും; നിങ്ങൾ അതു അറിയുന്നില്ലയോ? അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും.

മുമ്പുള്ളവയെ ഓർക്കാതെയും പണ്ടുള്ളവയെ നിരൂപിക്കാതെയും പുതിയ ഒരു ആത്മീയ യാത്രക്കായി ദൈവം നിങ്ങളെ വിളിക്കുകയാണ്.

1 രാജാക്കന്മാർ *19:8-13*
8 അവൻ എഴുന്നേറ്റു തിന്നുകുടിച്ചു; ആ ആഹാരത്തിന്റെ ബലംകൊണ്ടു നാല്പതു പകലും നാല്പതു രാവും ദൈവത്തിന്റെ പർവ്വതമായ ഹോരേബോളം നടന്നു
9 അവിടെ അവൻ ഒരു ഗുഹയിൽ കടന്നു രാപാർത്തു; അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി, അവനോടു: ഏലീയാവേ, ഇവിടെ നിനക്കു എന്തു കാര്യം എന്നു ചോദിച്ചു
10 അതിന്നു അവൻ: സൈന്യങ്ങളുടെ ദൈവമായ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു

11 നീ പുറത്തു വന്നു പർവ്വതത്തിൽ യഹോവയുടെ മുമ്പാകെ നിൽക്ക എന്നു അവൻ കല്പിച്ചു. അപ്പോൾ ഇതാ യഹോവ കടന്നുപോകുന്നു; ശക്തിയുള്ള ഒരു കൊടുങ്കാറ്റു യഹോവയുടെ മുമ്പിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു; കാറ്റിന്റെ ശേഷം ഒരു ഭൂകമ്പം ഉണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു
12 ഭൂകമ്പത്തിന്റെ ശേഷം ഒരു തീ; തീയിലും യഹോവ ഇല്ലായിരുന്നു; തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി.
13 ഏലീയാവു അതു കേട്ടിട്ടു തന്റെ പുതപ്പുകൊണ്ടു മുഖം മൂടി പുറത്തു വന്നു ഗുഹാമുഖത്തുനിന്നു; ഏലീയാവേ, ഇവിടെ നിനക്കു എന്തു കാര്യം എന്നു ചോദിക്കുന്ന ഒരു ശബ്ദം അവൻ കേട്ടു

ദൈവത്തിന്റെ ശബ്ദം ഏലിയാവ് തനിക്കറിയാവുന്ന വഴികളിലൂടെയൊക്കെ കേൾക്കുവാനായി ശ്രമിച്ചു, അതിനായി ശ്രദ്ധിക്കുകയും ചെയ്തു. എന്നാൽ ഒരു മൃദുസ്വരമായി കർത്താവു അവന്റെ അടുക്കൽവന്നു. തന്റെ ആലോചനകളെ അറിയിച്ചു. നിങ്ങൾ ഇപ്പോൾ വായിക്കുന്ന ഈ വാക്കുകൾ അപ്രകാരമൊരു മൃദുശബ്ദമായി നിങ്ങളിൽ മാറട്ടെ. ദൈവത്തിനായി ശോഭിക്കുവാൻ ദൈവം വിളിക്കുന്നതു രാജാക്കന്മാരെ മാത്രമല്ല മരിച്ച ലാസറിനെയും ഭൂതഗ്രസ്തനെയും ദൈവം വിളിച്ചു തന്റെ മുൻപിലൂടെ തന്റെ മഹത്വം അണിയിച്ചുകൊണ്ടു നടത്തി.

എന്താണ് നമ്മുടെ പ്രതീക്ഷകൾ ? എവിടെയാകുന്നു നമ്മുടെ ആഗ്രഹങ്ങൾ ? എവിടെ നാം വ്യാപൃതരായിരിക്കുന്നു ? ഏലീയാവിനോട് ദൈവം ചോദിച്ച അതേചോദ്യം ഇന്ന് നമ്മുടെ കാതുകളിൽ മുഴങ്ങണം. ദൈവം പ്രസാദിക്കുന്ന, ദൈവം പ്രവർത്തിക്കുന്ന ഒരു ആത്മീയ ജീവിതമാണോ ഇന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് ? മറ്റെന്തെല്ലാം ആവശ്യങ്ങൾ ചുറ്റുമുണ്ടായാലും ദൈവത്തോടൊന്നിച്ചുള്ള ഒരു ആത്മീയ യാത്രയാണോ ഇന്ന് നാം ആഗ്രഹിക്കുന്നത് ? നാം ഇന്ന് ദൈവാത്മാവിൽ ചോദിക്കുന്നത് ദൈവം ദാനമായി നൽകും. അവസ്ഥകളിലല്ല, അസ്ഥിരരായി നാമിരുന്നാലും ദൈവം നമ്മെ ആത്മാവിൽ നിറയ്ക്കും. വിശ്വാസത്തോടും പ്രാർത്ഥനയോടും ഒരുക്കത്തോടും നമുക്കായിരിക്കാം.

എഫെസ്യർ *4:4-7*
4 നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ
ശരീരം ഒന്നു, ആത്മാവു ഒന്നു
5 കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും
മീതെയുള്ളവനും
6 എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി
എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ.
7 എന്നാൽ നമ്മിൽ ഓരോരുത്തന്നു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു
ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു

നമുക്കൊത്തുചേർന്നു പ്രാർത്ഥിക്കാം,
ഞങ്ങളുടെ നല്ല ദൈവമേ, അങ്ങയുടെ എല്ലാ സ്നേഹത്തിന്റെ ഭാഷയ്ക്കുമായി സ്തോത്രം. നീ ഞങ്ങളെ കൈവിടാത്ത കൃപകൾക്കായി ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളെ ഞെരുക്കുന്ന സകല സാഹചര്യങ്ങളുടെയും മദ്ധ്യേ അങ്ങേയ്ക്കുവേണ്ടി ശോഭിച്ചുകൊണ്ടു ഒരു യഥാർത്ഥ ആത്മീയ ജീവിതം നയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഒരു കൊതിയാണ് പിതാവേ, അങ്ങയുടെ മഹത്വത്തെ ഈ ഭൂമിയിലും സ്വർഗ്ഗത്തിലും ഒരുപോലെ കാണുകയെന്നത്. അതിനായി അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കേണമേ. ഞങ്ങളുടെ കുറവുകളുടെമേൽ അങ്ങയുടെ കൃപ പകരേണമേ. ഞങ്ങളെ ക്രിസ്തുവിൽ ശക്തീകരിക്കേണമേ. ആമേൻ.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവത്തോട് നാം അടുത്തുചെല്ലുന്തോറും നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിങ്കലേക്കു മാത്രമായിത്തീരുന്നു.

സങ്കീർത്തനങ്ങൾ 5 : 11. എന്നാൽ നിന്നെ ശരണംപ്രാപിക്കുന്നവരെല്ലാവരും സന്തോഷിക്കും; നീ അവരെ പാലിക്കുന്നതുകൊണ്ടു അവർ എപ്പോഴും ആനന്ദിച്ചാർക്കും; നിന്റെ നാമത്തെ സ്നേഹിക്കുന്നവർ നിന്നിൽ ഉല്ലസിക്കും;

The closer we draw to God, the more our desires become solely directed toward Him.

But let all who take refuge in you be glad; let them ever sing for joy. Spread your protection over them, that those who love your name may rejoice in you.
Psalms 5:11 NIV

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL